# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

## എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം

ട്രാൻസ്മിഷൻ ഡിവിഷൻ, വൈദ്യുതി ഭവനം,
അഴൂർ റോഡ്,പത്തനംതിട്ട, പിൻ 689645,

ഇ-മെയിൽ : eetdpta1@gmail.com

ഫോൺ.0468-2225675, 9496008708,9446008361 (EE)

### താത്പര്യ പത്രം ക്ഷണിക്കുന്നു

കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ 110kV സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിലേക്കായി അടൂർ താലൂക്കിൽ പള്ളിക്കൽ വില്ലേജിൽ ആനയടി-പാറപ്പുറം, ചെറുകുന്നം പടി ഭാഗങ്ങളിൽ താഴെ വിവരിക്കുന്ന തരത്തിലുള്ള നിർമ്മാണ യോഗ്യമായ സ്ഥലം ആവശ്യമുണ്ട്.

| | | |
|---|---|---|
| വിസ്തീർണ്ണം | - | 90 സെന്റ് മുതൽ 1 ½ ഏക്കർ വരെ |
| വഴി | - | 4 മീറ്റർ വീതിയിൽ കുറയാത്ത ടാർ / കോൺക്രീറ്റ് / ഗ്രാവൽ റോഡ് |
| ഭൂമിയുടെ സ്വഭാവം | - | EFL, നിലം എന്നിവയിൽ പെടാത്ത പരമാവധി നിരപ്പുള്ള ചതുരാകൃതിയിലുള്ള സ്ഥലം / കര / പറമ്പ് |

നിലവിലുള്ള 110 കെ.വി ഇടപ്പോൺ - ശാസ്താംകോട്ട ലൈനിന്റെ അടിയിലോ പരമാവധി 50 മീറ്ററിനുള്ളിലോ സ്ഥിതി ചെയ്യുന്ന സ്ഥലം ആയിരിക്കണം. ടി ലൈനിൽ നിന്ന് പ്രസ്തുത സ്ഥലത്തേക്ക് പുതിയ ലൈൻ നിർമ്മിക്കുന്നതിന് പ്രായോഗിക, സാങ്കേതിക സാധ്യതകൾ ഉണ്ടായിരിക്കണം. താല്പര്യമുള്ളവർ താഴെ കാണിച്ചിരിക്കുന്ന രേഖകളുടെ പകർപ്പ് സഹിതം 20 ദിവസങ്ങൾക്കുള്ളിൽ ടി ഓഫീസുമായി ബന്ധപ്പെടുക.

1. തന്നാണ്ട് കരം തീരുവ രസീത്
2. സ്ഥലത്തിന്റെ ആധാരം
3. കൈവശാവകാശ സർട്ടിഫിക്കറ്റ്
4. 30 വർഷത്തെ ബാധ്യതാ സർട്ടിഫിക്കറ്റ്
5. ലൊക്കേഷൻ സ്കെച്ച്

സ്ഥലം നിർണ്ണയിക്കുന്നതിനുള്ള പരമാധികാരം കെ.എസ്.ഇ.ബി ലിമിറ്റഡിൽ നിക്ഷിപ്തമായിരിക്കും. ഈ താത്പര്യപത്രം ക്ഷണിക്കുന്നത് ക്രയ വിക്രയത്തിനുള്ള ബാധ്യത ആയിരിക്കില്ല.

കൂടുതൽ വിവരങ്ങൾക്ക് ടി ഓഫീസുമായി ബന്ധപ്പെടുക.

സ്ഥലം : പത്തനംതിട്ട
തീയതി: 16.08.2024

അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ (I/C)

# നിബന്ധനകൾ

1. ഭൂമി, പള്ളിക്കൽ വില്ലേജിലൂടെ കടന്നു പോകുന്ന 110കെ.വി ഇടപ്പോൺ - ശാസ്താംകോട്ട ഓവർ ഹെഡ് ഫീഡറിനു അടിയിലോ സമീപ പ്രദേശത്തോ ആകണം.
2. ഭൂമിയുടെ വിസ്തീർണ്ണം കുറഞ്ഞത് 90 സെന്റ് ഉണ്ടായിരിക്കണം
3. ഭൂമിയുടെ തരം - കര
4. ഭൂമി സബ്സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമായതും കെ.എസ്.ഇ.ബി. ലിമിറ്റഡ് നിഷ്കർഷിക്കുന്ന തരത്തിലുള്ളതുമാകണം.
5. ഭൂമിയുടെ വശങ്ങൾക്ക് കുറഞ്ഞത് 45 മീറ്റർ അളവ് ഉണ്ടായിരിക്കണം
6. നിർമ്മാണ സാമഗ്രികളും പവർ ട്രാൻസ്ഫോർമറുകളും എത്തിക്കുന്നതിനു വേണ്ടി ട്രെയിലറോ , സമാനമായാതോ ആയ ഭാര വാഹനങ്ങൾ അനായാസം കടന്നു പോകുന്നതിനുള്ള റോഡ് സൗകര്യം ഉണ്ടായിരിക്കണം
7. താല്പര്യപത്രത്തിനോടൊപ്പം ടി ഭൂമിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്

    1. പ്രമാണത്തിന്റെ പകർപ്പ്
    2. 30 വർഷത്തെ ബാധ്യത സർട്ടിഫിക്കേറ്റ്
    3. കൈവശാവകാശ രേഖ
    4. ലൊക്കേഷൻ സ്കെച്ച് (വില്ലേജ് ഓഫീസർ അറ്റസ്റ്റ് ചെയ്തത്)
    5. കരം ഒടുക്കിയ രസീതിന്റെ പകർപ്പ്

8. മേൽപ്പറഞ്ഞിരിക്കുന്ന നിബന്ധനകൾ പാലിക്കുന്നതും ഭൂമി സംബന്ധിച്ച് പൂർണ്ണമായതും, സാധുവായതുമായ രേഖകൾ സമർപ്പിച്ചിട്ടുള്ളതുമായ സ്ഥലങ്ങളിൽ മാത്രം പരിശോധന നടത്തി ഏറ്റവും അനുയോജ്യമായവ മാത്രം പരിഗണിക്കുന്നതാണ്
9. താല്പര്യപത്രം സ്വീകരിക്കുന്നത് വസ്തു വാങ്ങും എന്ന ഉറപ്പിലോ കരാറിലോ അല്ല.

അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ (I/C)